നമ്പർ.സി.ബി(5)21757/05 സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 21.6.2005

# സർക്കുലർ നമ്പർ. 13/2005

വിഷയം: സഹകരണം 'മിത്ര' അഗ്രീകൾച്ചറൽ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്-എറണാകുളം ജില്ലയിലെ സഹകരണ സംഘങ്ങൾ ഓഹരി മൂലധനത്തിൽ പങ്കാളികളാക്കുന്നത്- അനുവാദം നല്കുന്നത് - സംബന്ധിച്ച്

സൂചന: 1. മിത്ര അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ചെയർമാന്റെ 19/5/05, 10/6/05 തീയതികളിലെ അപേക്ഷ.

2. എറണാകുളം ജനറൽ വിഭാഗം ജോയിൻറ് രജിസ്ട്രാറുടെ 1.6.2005 ലെ സി.ആർ. ബി. 3343/05 നമ്പർ കത്ത്.

3. എറണാകുളം ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 16.6.05ലെ കത്ത്.

എറണാകുളം ജില്ലയിലെ കർഷകർ, പ്രാഥമിക സഹകരണ സംഘങ്ങൾ, മാർക്കറ്റ് സഹകരണ സംഘങ്ങൾ, സ്വാശ്രയ സംഘങ്ങൾ, കുടുംബശ്രീകൾ എന്നിവരുടെ പ്രവർത്തനങ്ങൾ സമന്വയിപ്പിച്ച് മിത്ര അഗ്രീകൾച്ചറൽ കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ മെച്ചപ്പെട്ട വിലയ്ക്ക് വില്ക്കുവാനും, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യാനും, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കമ്പനിയുടെ പ്രവർത്തനം കൊണ്ട് സാധിക്കുന്നതാണെന്നും, കാർഷിക വിഭവങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്രോസസ്സിംഗ് യൂണിറ്റുകൾ തുടങ്ങാനും ജൈവ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും അതോടൊപ്പം ഒരു സൂപ്പർ മാർക്കറ്റ് സ്ഥാപിച്ച് ഉത്പ്പന്നങ്ങളുടെ വിപണനം ഏകോപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നതായും സൂചന (1) പ്രകാരം കമ്പനി ചെയർമാൻ അറിയിച്ചിട്ടുണ്ട്. കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ വ്യവസ്ഥ പ്രകാരം കമ്പനിയുടെ ബോർഡിന് സഹകരണ സ്ഥാപനങ്ങൾക്ക് കമ്പനിയിൽ പ്രത്യേക പ്രാതിനിധ്യം വ്യവസ്ഥ ചെയ്തിട്ടില്ല. കമ്പനിയുടെ പതിനഞ്ച് അംഗ ഭരണസമിതിയിൽ പരമാവധി പത്ത് പേർ സഹകരണ സംഘങ്ങളുടെ പ്രതിനിധികളായിരിക്കുമെന്ന് കമ്പനി ഡയറക്ടർ ബോർഡിന്റെ 4.6.2005ലെ 8-ാം നമ്പർ തീരുമാനപ്രകാരം ഐകകണ്ഠ്യേന തീരുമാനിക്കുകയും, അടുത്തു കൂടുന്ന ആദ്യത്തെ പൊതുയോഗത്തിൽ വെച്ച് ഇതിലേക്കാവശ്യമായ ഭേദഗതി നിയമാവലിയിൽ വരുത്തുന്നതാണെന്നും കമ്പനി ചെയർമാൻ ഉറപ്പുനല്കുകയും. ടി കമ്പനിയുടെ ഓഹരി മൂലധനത്തിൽ പങ്കാളികളാക്കുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അനുവാദം നല്കണമെന്നും കമ്പനി ചെയർമാൻ സൂചന (1) പ്രകാരം അപേക്ഷിക്കുകയും സൂചന (2) പ്രകാരം ജോയിൻറ് രജിസ്ട്രാർ അപേക്ഷ രജിസ്ട്രാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

'മിത്ര അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനി'യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ജില്ലയിലെ കർഷകർ, പ്രാഥമിക സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സംഘങ്ങൾ എന്നിവയ്ക്ക് പ്രയോ

ജനകരമായിരിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ചെയർമാന്റെ അപേക്ഷയും, ജോയിന്റ് രജിസ്ട്രാറുടെ കത്തും പരിഗണിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ എറണാകുളം ജില്ലയിലെ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, മറ്റ് കാർഷിക സഹകരണ സംഘങ്ങൾ തുടങ്ങിയ സഹകരണ സ്ഥാപനങ്ങൾ അവരുടെ നിയമാവലിയിലെ വ്യവസ്ഥകൾക്കും, കേരള സഹകരണ നിയമം/ചട്ടം എന്നിവയ്ക്കും വിധേയമായി, 'മിത്ര അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ഓഹരി എടുക്കാവുന്നതാണ്'.

ഒപ്പ്

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ ഇൻചാർജ്

ചെയർമാൻ

മിത്ര അഗ്രീകൾച്ചറൽ പ്രൊഡ്യുസർ കമ്പനി ലിമിറ്റഡ്,

എറണാകുളം ജില്ലാ സഹകരണ ബാങ്ക് ബിൽഡിംഗ്സ്,

കാക്കനാട്, കൊച്ചിൻ - 632030

പകർപ്പ്:

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്), എറണാകുളം.
2. എറണാകുളം ജില്ലയിലെ എല്ലാ സഹകരണ ബാങ്ക്/സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
3. ജനറൽ മാനേജർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക്.
4. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവന്മാർക്കും.
5. എഡിറ്റർ, സഹകരണ വീഥി-പ്രസിദ്ധീകരണത്തിനായി
6. എഡിറ്റർ, സഹകരണ ജേർണൽ- പ്രസിദ്ധീകരണത്തിനായി
7. രജിസ്ട്രാറുടെ മേശപ്പുറത്തേക്ക്
8. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

ഒപ്പ്

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.